## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4521 — 25.10.2016-ൽ മറുപടിക്ക്

**<u>സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ</u>**

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ് :**

(എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; ക്ലാസിഫിക്കേഷന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി**

**ശ്രീ. എ.സി. മൊയ്തീൻ**
**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) സഹകരണ ബാങ്ക് ക്ലാസിഫൈ ചെയ്യുന്നത് കേരള സഹകരണ സംഘം നിയമം ചട്ടം 182 Appendix III പ്രകാരമാണ്. ജില്ലാ സഹകരണ ബാങ്കുകളുടെ ശരാശരി നിക്ഷേപം പ്രവർത്തന മൂലധനം, വായ്പാ ബാക്കി നില്പ്, Individual Deposit to total deposit, Individual Loan to total loan, CRAR, NPA, Audit Classification, ഓഹരിയിന്മേലുള്ള ലാഭവിഹിതം, വിതരണം ചെയ്ത കാർഷിക വായ്പ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നത്. ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 32/2013, 33/2013 നമ്പർ സർക്കുലറുകൾ പ്രകാരം രജിസ്ട്രാർ നൽകിയിട്ടുണ്ട്. ചട്ടം 182 പ്രകാരം സർക്കാർ സ്വമേധയോ അല്ലാതെയോ രജിസ്ട്രാറുമായി കൂടി ആലോചിച്ച് 3 വർഷത്തിലൊരിക്കൽ ക്ലാസിഫിക്കേഷൻ റിവൈസ് ചെയ്യേണ്ടതാണ്.

| | |
| --- | --- |
| (ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനവും, എ.ടി.എം സംവിധാനവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവ ഏതെല്ലാം ബാങ്കുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്; ഇനി എവിടെയൊക്കെ അനുവദിക്കാൻ പദ്ധതിയുണ്ട് എന്നും അറിയിക്കുമോ? | (ബി) സംസ്ഥാന സഹകരണ ബാങ്കിൽ കോർ ബാങ്കിംഗ്, എ.റ്റി.എം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളിൽ പത്തനംതിട്ട, ഇടുക്കി, കോട്ടയം ജില്ലാ സഹകരണ ബാങ്കുകളിൽ ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ്, എ.റ്റി.എം സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കുകളിൽ എ.റ്റി.എം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു മാസത്തിനകം എ.റ്റി.എം സംവിധാനം നിലവിൽ വരുന്നതാണ്. എന്നാൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ എ.റ്റി.എം സംവിധാനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കി വരുന്നു. 511 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനവും, 58 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ എ.റ്റി.എം സംവിധാനവും നിലവിലുണ്ട്. 31.03.2017 ഓടെ ബാക്കിയുള്ള എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**